വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ.ജി2/671/2015.

ചാക്ക, തിരുവനന്തപുരം
തീയതി: 18.04.2015

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് 2-ാം സെമസ്റ്റർ നവംബർ 2014-റീ-കൗണ്ടിംഗിനുള്ള അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

***************

2014 നവംബർ മാസം നടന്ന എസ്.സി.വി.റ്റി 2-ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത ട്രെയിനികൾക്ക് എഴുത്ത് പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിന് ലഭിച്ചിട്ടുള്ള മാർക്കിന്മേൽ റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. (അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു) പൂരിപ്പിച്ച അപേക്ഷ ഒറിജിനൽ ചെലാൻ രസീത് സഹിതം ***8.5.2015 ന്*** മുൻപ് ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്), ട്രെയിനിംഗ് ഡയറക്ടറേറ്റ്, ഐ.ടി.ഐ ക്യാമ്പസ്, ചാക്ക, തിരുവനന്തപുരം-7 എന്ന വിലാസത്തിൽ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്. പ്രിൻസിപ്പാൾമാർ പ്രസ്തുത അപേക്ഷ ***13.5.2015 ന് 3 പി.എം-ന്*** മുമ്പായി ചാക്ക ഐ.ടി.ഐയിൽ പ്രവർത്തിക്കുന്ന പരീക്ഷാവിഭാഗത്തിൽ എത്തിച്ചിരിക്കണം. തോറ്റ വിഷയത്തിന് 20/- രൂപയും വിജയിച്ച വിഷയത്തിന് 50/- രൂപയുമാണ് റീകൗണ്ടിംഗിനുവേണ്ടി '0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്' എന്ന ശീർഷകത്തിൽ ഫീസിനത്തിൽ ഒടുക്കേണ്ടതാണ്. മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒറിജിനൽ ചെലാൻ രസീത് ഉൾക്കൊള്ളിച്ചിട്ടില്ലാത്തതോ, അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ റീ-കൗണ്ടിംഗിന് പരിഗണിക്കുന്നതല്ല. റീ-കൗണ്ടിംഗിനുശേഷം അപേക്ഷകരായ ട്രെയിനികളുടെ റിസൽട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത വിവരം ട്രെയിനിയെ നേരിട്ട് അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൽട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് മേയ് 2015-ൽ നടക്കുന്ന എസ്.സി.വി.റ്റി 2-ാം സെമസ്റ്റർ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:- ടി

എ)-17.4.15

## എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് നവംബർ 2014 (2-ാം സെമസ്റ്റർ)
## റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള ഫോറം

1. അപേക്ഷകന്റെ പേരും തപാൽ വിലാസവും (പിൻകോഡ് സഹിതം) :

2. ട്രേഡ് :

3. റോൾ നമ്പർ :

4. ഗവ/പ്രൈവറ്റ് ഐ.ടി.ഐ യുടെ പേര് :

5. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയം/വിഷയങ്ങൾ:1.
2.

6. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയത്തിന് സെഷണൽ ഒഴികെ ഇപ്പോൾ ലഭിച്ചിട്ടുള്ള മാർക്ക് : 1.
: 2.
: 3.

7. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ

8. റീ-കൗണ്ടിംഗിനായി ഫീസ് ഒടുക്കിയതിന്റെ വിശദവിവരം

ചെലാൻ നമ്പർ :
തീയതി :
തുക :
ട്രഷറിയുടെ പേര് :

9. അപേക്ഷകൻ പ്രൈവറ്റ് കാൻഡിഡേറ്റ് ആണോ (എങ്കിൽ അപേക്ഷ സ്വീകരിച്ച പ്രിൻസിപ്പാളിന്റെ ഒപ്പ് രേഖപ്പെടുത്തുക) :

### പ്രതിജ്ഞ

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരസിക്കുന്നതിന് എനിക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

### പ്രതിജ്ഞ

.........................................................എന്ന ട്രെയിനി 2014 നവംബർ മാസത്തെ എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റിൽ (2-ാം സെമസ്റ്റർ) ................................................... ഗവ./പ്രൈവറ്റ് ഐ.റ്റി.ഐ നിന്നും ...........................................................പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഗവ/പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾ

സ്ഥലം :
തീയതി :

എ)-17.4.15